ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ നൈപുണ്യ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം പദ്ധതികൾ ആരംഭിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം C-STED എന്ന സർക്കാർ ഏജൻസി മുഖേന സംരംഭകത്വ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഡ്രൈവിംഗ് പരിശീലനം, ബ്യൂട്ടീഷൻ പരിശീലനം, തയ്യൽ പരിശീലനം എന്നിവ നൈപുണ്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. 2021-22 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള നൈപുണ്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ വകുപ്പു തലത്തിൽ പൂർത്തീകരിച്ചുവരുന്നു.

പ്രകൃതിസൗഹൃദ ഗതാഗത സംവിധാനം

167 (2887) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ/ഹരിത വാതകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരള മോട്ടോർ വാഹന ചട്ടം 292 A പ്രകാരം രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ നിർത്തലാക്കുന്നതിനും അവ ഇലക്ട്രിക്, CNG, LNG മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വാഹന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ ആവശ്യങ്ങൾക്കായുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ തുകയിൽ 50% ഇളവനുവദിച്ചിട്ടുണ്ട്. 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റെടുക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇവയുടെ ഉടമകൾക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുക എന്ന ഉദ്ദേശ്യത്തോടെ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 400 ബസുകൾ എൽ.എൻ.ജി.യിലേയ്ക്കും 3000 ബസുകൾ സി.എൻ.ജി.-യിലേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു CNG ബസും 2 LNG ബസുകളും സർവ്വീസ് നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് 8 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ 310 CNG ബസുകൾ വാങ്ങുന്നതിനും 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജലഗതാഗത വകുപ്പിൽ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തനച്ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടു കൂടി ഇന്ത്യയിലെ പ്രഥമ സംരംഭമായ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' തവണക്കടവ്-വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള (ഗസ്റ്റേവ് ടോവ്) പുരസ്കാരവും ലഭിക്കുകയുണ്ടായി. ഇതുകൂടാതെ 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സ്വദേശ/വിദേശ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി എറണാകുളം-വൈക്കം റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉത്ഘാടനം 4.11.18-ൽ നിർവ്വഹിച്ചു. കൂടാതെ 'സീ-കുട്ടനാട്' എന്ന പേരിൽ 90 യാത്രക്കാർക്ക് കയറാവുന്ന ഡബിൾ ഡെക്കർ പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചുവരുന്നു. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് മിക്ക ബോട്ടുകളും സർവ്വീസ് നടത്തുന്നത്. കായൽ മലിനീകരണം ഒഴിവാക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി-പൊന്നാനി കേന്ദ്രീകരിച്ചും കോഴിക്കോട് ജില്ലയിൽ വടകര-പയ്യോളി അങ്ങാടി മേഖലകളെ ബന്ധിപ്പിച്ചും വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിലും സോളാർ ബോട്ടുകൾ ഉപയോഗിച്ച് ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് പഠനം നടത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സാമൂഹ്യ അകലം

168 (2888) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ ഒന്നും രണ്ടും തരംഗത്തിൽ സാമൂഹ്യ അകലം നിഷ്കർഷിച്ചിരുന്നത് എത്രയാണ്?

വ്യക്തികൾ തമ്മിൽ 2 മീറ്റർ അകലമാണ് നിഷ്കർഷിച്ചിട്ടുള്ളത്.